പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1830 — 14/08/2017-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് അമിത ഫീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ടി.ബൽറാം** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ ചികിത്സയ്ക്കായി അമിത ഫീസ് ഈടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ)<br>ബി)<br>&<br>സി) | സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017" ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ 10/08/2017 ന് അവതരിപ്പിച്ചിട്ടുണ്ട്. ബിൽ നിയമമാകുന്ന മുറയ്ക്ക് അനിയന്ത്രിതമായ ഫീസ് ഈടാക്കുന്ന സ്വകാര്യ ലാബുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |
| ബി) | സ്വകാര്യ ആശുപത്രികളുടെ നിലവാരം നിശ്ചയിച്ച്, വിവിധതരം ചികിത്സകൾക്ക് ഈടാക്കാവുന്ന ഫീസ് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനിക്കുന്നതിന് നടപടി സ്വീകരിക്കുമോ?വിശദാംശം ലഭ്യമാക്കുമോ; | | |
| സി) | പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ